ആഭ്യന്തരം :

ജലം - 20.0534 ദശലക്ഷം യൂണിറ്റ്

താപം - 0.5900 ദശലക്ഷം യൂണിറ്റ്

കാറ്റ് - 0.0040 ദശലക്ഷം യൂണിറ്റ്

സ്വകാര്യം :

ജലം - 0.0437 ദശലക്ഷം യൂണിറ്റ്

താപം - 3.8039 ദശലക്ഷം യൂണിറ്റ്

കാറ്റ് - 0.0729 ദശലക്ഷം യൂണിറ്റ്

(സി) 2011 ജനുവരി മാസം കേന്ദ്ര പൂളിൽ നിന്നും ലഭിച്ച ദൈനംദിന ശരാശരി വൈദ്യുതി 18.68 മില്ല്യൻ യൂണിറ്റ് ആയിരുന്നു.

(ഡി) 2010 ഡിസംബർ മാസത്തിൽ വാങ്ങിയ വൈദ്യുതിയുടെ വില അനുബന്ധം-1-ൽ കൊടുത്തിരിക്കുന്നു.*

(ഇ) ഇല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 10 പദ്ധതികൾ പൂർത്തികരിക്കാൻ സാധിച്ചു. ഈ പദ്ധതി 202.95 MW സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ശരാശരി ഉത്പാദന പ്രതിവർഷ വർദ്ധന 544.7Mu ഉം ഉപഭോഗത്തിലുള്ള പ്രതിവർഷ വർദ്ധന ശരാശരി 1233.76 Mu-ഉം ആകുന്നു.

വൈദ്യുതി ഉൽപാദനത്തിൽ ഉണ്ടായ പുരോഗതി

127(2380) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉൽപാദനത്തിൽ ഉണ്ടായ പുരോഗതി അറിയിക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര ഗാർഹിക കണക്ഷനുകൾ നൽകി എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ. ബോർഡിന്റെ കീഴിൽ 151.3 മെഗാവാട്ട് ഉൽപ്പാദന സ്ഥാപിത ശേഷി വർദ്ധനവ് നടപ്പിൽ വരുത്തിക്കൊണ്ട് മൂന്നു പുതിയ ജല വൈദ്യുത പദ്ധതികളും രണ്ട് നവീകരണ പദ്ധതിക്കും കമ്മീഷൻ ചെയ്തു. കൂടാതെ സ്വകാര്യമേഖലയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പങ്കാളിത്തത്തോടുകൂടി മൊത്തം 52.85 മെഗാവാട്ട് ശേഷിയുള്ള 5 പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അങ്ങനെ മൊത്തം 204.15 മെഗാവാട്ട് സ്ഥാപിത ശേഷി വർദ്ധനവാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം നടപ്പിൽ വരുത്തിയത്. കൂടാതെ 4.8 മെഗാവാട്ടിന്റെ പുഴിത്തോട് ജലവൈദ്യുത പദ്ധതി 2011 ഫെബ്രുവരി മാസത്തിൽ കമ്മീഷൻ ചെയ്യുന്നതാണ്.

(ബി) ഈ സർക്കാരിന്റെ കാലത്ത് നൽകിയ ഗാർഹിക കണക്ഷനുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	140101
കൊല്ലം	109111
പത്തനംതിട്ട	45017
കോട്ടയം	72864
ആലപ്പുഴ	87901
ഇടുക്കി	70656
എറണാകുളം	155811
തൃശ്ശൂർ	148062
പാലക്കാട്	165544
മലപ്പുറം	189656
കോഴിക്കോട്	170352
വയനാട്	54055
കണ്ണൂർ	125039
കാസർഗോഡ്	52500

വൈദ്യുതി ഉല്പാദനരംഗത്ത് വർദ്ധനവ് ഉണ്ടാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ

128(2381) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉല്പാദനരംഗത്ത് വർദ്ധനവ് ഉണ്ടാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly